# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5615 06/07/2012 ൽ മറുപടിയ്ക്ക്

## വിഷൻ - 2013

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) വിഷൻ - 2013 എന്ന പ്രത്യേക എൻട്രൻസ് കോച്ചിംഗ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ മിടുക്കരായ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ / എഞ്ചിനീയറിംഗ് പ്രവേശനത്തിന് കോച്ചിംഗ് നൽകുന്ന പദ്ധതിയാണ് വിഷൻ 2013. എസ്.എസ്.എൽ.സി. പരീക്ഷയിൽ A+, A, B+ ഗ്രേഡ് നേടിയിട്ടുള്ളവരും സയൻസ് ഗ്രൂപ്പെടുത്ത് പഠിക്കുന്ന കുട്ടികൾക്കാണ് കോച്ചിംഗ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ; | (ബി) രണ്ട് വർഷത്തേക്കുള്ള ഈ പരിശീലനത്തിന് ഒരു കുട്ടിക്ക് ട്യൂഷൻ ഫീസിനത്തിൽ 20,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. മികച്ച കോച്ചിംഗ് നൽകുന്നതിന് വിദഗ്ദരായ അദ്ധ്യാപകരുടെ സേവനം തുടങ്ങി എല്ലാ വിധത്തിലും പര്യാപ്തമാണെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാർ മുഖാന്തിരം ഉറപ്പുവരുത്തി ജില്ലാ കളക്ടറുടെ അംഗീകാരം ലഭിച്ച സ്ഥാപനങ്ങളിലാണ് കുട്ടികൾക്ക് പരിശീലനം നൽകുന്നത്. 14 ജില്ലകളിലെയും സ്വകാര്യ സ്ഥാപനങ്ങളിൽ കോച്ചിംഗ് നടത്തുന്നുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് അവർ താല്പര്യപ്പെടുന്ന കോച്ചിംഗ് സെന്ററുകളിൽ പരിശീലനം നൽകി വരുന്നു. |

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ വിഭാഗക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് എൻട്രൻസ് കോച്ചിംഗിന് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷമാണ് ഈ പദ്ധതി ആരംഭിച്ചത്. ട്യൂഷൻഫീസിനത്തിൽ 20,000/- രൂപ നൽകിവരുന്നുണ്ട്. ഈ പദ്ധതി +1 കുട്ടികൾക്ക് 2012-13 വർഷവും തുടരാൻ ഉദ്ദേശമുണ്ട്.

സെക്ഷൻ ഓഫീസർ